സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ

210 (577) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ടതുകൊണ്ട് സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ Transformers & Electricals Kerala Ltd, Steel Complex Ltd, Kerala Electrical & Allied Engineering Company Ltd എന്നീ സ്ഥാപനങ്ങളാണ് യഥാക്രമം കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളായ എൻ.ടി.പി.സി, സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ്, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡ് എന്നിവയുമായി സംയുക്ത സംരംഭത്തിലേർപ്പെട്ടത്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെടെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി മാസം തോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന നിരീക്ഷണ സംവിധാനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിയും സർക്കാർ തലത്തിൽ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) സംയുക്ത സംരംഭങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly